ടി.കെ ഉബൈദ്



# സൂറ – 33 / അൽ അഹ്സാബ്

## സൂക്തം: 12 – 14

വിടുതൽ തേടിയവരുടെ യഥാർഥ ഉദ്ദേശ്യം യുദ്ധമുഖത്തുനിന്ന് ഓടിയൊളിച്ച് തടി രക്ഷപ്പെടുത്തലായിരുന്നു. ഈ യുദ്ധത്തിൽ മുസ്‌ലിംകൾ ജയിക്കാൻ പോകുന്നില്ല. ഒരുവേള ജയിച്ചാൽ തന്നെ, തങ്ങൾക്ക് അപകടമുണ്ടാവില്ല എന്നും ഉറപ്പില്ല. ആ നിലക്ക് എങ്ങനെയും സൈനികപ്രവർത്തനങ്ങളിൽനിന്നു മാറിനിൽക്കുകയാണ് കരണീയം. ശത്രുക്കൾ ജയിച്ചാൽ തങ്ങൾ മുഹമ്മദിനെതിരായിരുന്നുവെന്നും യുദ്ധത്തിൽ പങ്കെടുത്തിട്ടില്ലെന്നും പറഞ്ഞ് പ്രത്യേക ആനുകൂല്യങ്ങൾ നേടുകയും ചെയ്യാം.

وَإِذْ يَقُولُ ٱلْمُنَٰفِقُونَ وَٱلَّذِينَ فِى قُلُوبِهِم مَّرَضٌ مَّا وَعَدَنَا ٱللَّهُ
وَرَسُولُهُۥٓ إِلَّا غُرُورًا ﴿١٢﴾

12. അല്ലാഹുവും അവന്റെ ദൂതനും നമ്മോട് വാഗ്ദത്തം ചെയ്തതൊക്കെയും ഒരു ചതി മാത്രമായിരുന്നുവെന്ന് കപടവിശ്വാസികളും മനസ്സിൽ രോഗമുള്ളവരും പ്രചരിപ്പിച്ചുകൊണ്ടിരുന്ന സന്ദർഭമോർക്കുക.

**12**

وَإِذْ يَقُولُ ٱلْمُنَٰفِقُونَ = കപടവിശ്വാസികൾ (ളും) പറയുന്ന (പ്രചരിപ്പിച്ചുകൊണ്ടിരുന്ന) സന്ദർഭം ഓർക്കുക

وَٱلَّذِينَ فِى قُلُوبِهِم مَّرَضٌ = മനസ്സിൽ രോഗമുള്ളവരായവരും

مَّا وَعَدَنَا ٱللَّهُ وَرَسُولُهُۥٓ = അല്ലാഹുവും അവന്റെ ദൂതനും നമ്മോട് വാഗ്ദത്തം ചെയ്തിട്ടില്ല (ചെയ്തത് ഒക്കെയും)

إِلَّا غُرُورًا = ഒരു ചതി (മാത്രമായിരുന്നു) അല്ലാതെ

പ്രത്യക്ഷത്തിൽ മുസ്‌ലിം സമൂഹത്തിലെ അംഗങ്ങളായി നടിക്കുകയും മനസ്സുകൊണ്ട് ഇസ്‌ലാമിന്റെ വിശ്വാസാദർശങ്ങളെ നിരാകരിക്കുകയും ചെയ്യുന്നവരാണ് മുനാഫിഖുകൾ- കപടന്മാർ. മദീനയിൽ അത്തരക്കാരായ കുറേ ആളുകളുണ്ടായിരുന്നു. എല്ലാ ഗോത്രങ്ങളും മുസ്‌ലിംകളായി മാറിയപ്പോൾ വിശ്വാസമില്ലാത്ത സ്വാർഥരും അവരുടെ കൂട്ടത്തിൽ ചേർന്നു. അതോടൊപ്പം ഇസ്‌ലാമിനെയും പ്രവാചകനെയും മദീനയിൽനിന്ന് തുരത്തണം എന്ന് ഉൽക്കടമായി ആഗ്രഹിക്കുകയും ചെയ്തു. ഇസ്‌ലാമിനു ദോഷമുണ്ടാക്കാൻ ലഭിക്കുന്ന അവസരങ്ങളൊന്നും അവർ പാഴാക്കിയിരുന്നില്ല. അതിനുവേണ്ടി നിരന്തരം ഗൂഢാലോചനകൾ നടത്തിക്കൊണ്ടിരുന്നു. സഖ്യകക്ഷികൾ മദീനയെ ആക്രമിക്കാനെത്തിയപ്പോൾ ഇക്കൂട്ടർ ഉള്ളാലെ സന്തോഷിക്കുകയായിരുന്നു; മുഹമ്മദിന്റെയും ഇസ്‌ലാമിന്റെയും കഥ ഇതോടെ കഴിയുമല്ലോ എന്ന്.

وَٱلَّذِينَ فِى قُلُوبِهِم مَّرَضٌ ഖുർആൻ രണ്ട് അർഥങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. കപടവിശ്വാസികൾ എന്നാണൊന്ന്. സത്യവിശ്വാസത്തിന് ദൃഢതയില്ലാത്തവരും വിശ്വാസിയുടെ ധർമങ്ങൾ നിർവഹിക്കാൻ താൽപര്യമില്ലാത്തവരും അസൂയ, ആർത്തി, സ്വാർഥത, പക, പരനിന്ദ മുതലായ മനോദോഷങ്ങളുള്ളവരുമായ മുസ്‌ലിംകൾ എന്നാണ് മറ്റൊർഥം. ٱلْمُنَٰفِقُونَ -നോട് ചേർത്ത് وَٱلَّذِينَ فِى قُلُوبِهِم مَّرَضٌ എന്നു പറയുന്ന സന്ദർഭങ്ങളിൽ

ഉദ്ദേശ്യം രണ്ടാമത്തെ അർഥമാണ്. കാപട്യത്തെ പരാമർശിക്കാതെ മനസ്സിലെ രോഗത്തെ പരാമർശിക്കുന്നത് കാപട്യത്തെ ഉദ്ദേശിച്ചാണ്. ഉദാ: فِي قُلُوبِهِم مَّرَضٌ فَزَادَهُمُ اللَّهُ مَرَضًا (അവരുടെ മനസ്സുകളിൽ ഒരു രോഗമുണ്ട്. അല്ലാഹു ആ രോഗത്തെ വളർത്തി -2:10). അസൂയ, ആർത്തി, സ്വാർഥത, ഭീരുത്വം, പരനിന്ദ തുടങ്ങിയ മനോദൗഷ്ട്യങ്ങളുള്ളവരാണ് وَالَّذِينَ فِي قُلُوبِهِم مَّرَضٌ -ന്റെ രണ്ടാമത്തെ അർഥം. മേൽപറഞ്ഞ ദൗഷ്ട്യങ്ങളുള്ളതിനാൽ ഇവരുടെ വിശ്വാസം തീരെ ബലമില്ലാത്തതും കർമം കപടന്മാരുടേതിനു സമാനവുമാകുന്നു.

ഇസ്‌ലാമിൽ വിശ്വസിക്കുന്നുണ്ടെങ്കിലും വിശ്വാസം ആവശ്യപ്പെടുന്ന ധർമങ്ങളും കർത്തവ്യങ്ങളും നിർവഹിക്കാനും അതിന്റെ മാർഗത്തിൽ സമരം ചെയ്യാനും ഭീരുത്വവും സ്വാർഥതയും അവരെ അനുവദിക്കുകയില്ല. അവസരം കിട്ടുമ്പോഴൊക്കെ സത്യവും ധർമവും സദാചാരവും ലംഘിക്കാൻ തയാറാകും. ഈ അർഥത്തിൽ ഉപയോഗിച്ചതിന് ഉദാഹരണമാണ് സൂറയിലെ 32-ാം സൂക്തം. إِنِ اتَّقَيْتُنَّ فَلَا تَخْضَعْنَ بِالْقَوْلِ فَيَطْمَعَ الَّذِي فِي قَلْبِهِ مَرَضٌ (നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നവരെങ്കിൽ മനസ്സിൽ ദീനമുള്ളവർ മോഹിക്കുംവണ്ണം കൊഞ്ചിക്കുഴഞ്ഞ് സംസാരിച്ചുകൂടാ). الْغُرُور 3:185, 196 സൂക്തങ്ങളിലും അതിനുശേഷവും പലവട്ടം വന്നിട്ടുള്ളതാണ്. അർഥം പ്രസ്തുത സൂക്തങ്ങൾക്കു താഴെ വിശദീകരിച്ചിരിക്കുന്നു.

വചനസാരമിതാണ്: കപടവിശ്വാസികൾ രണ്ടു വിധമുണ്ട്. ഒന്ന്, പക്കാ കപടന്മാരായി വർത്തിക്കുന്നവർ. രണ്ട്, വിശ്വാസം ബലഹീനമായതുകൊണ്ടും മനസ്സിൽ പലവക ദുഷ്ടതകളുള്ളതുകൊണ്ടും ഫലത്തിൽ കപടവിശ്വാസികളെപ്പോലെ പ്രവർത്തിക്കുന്നവർ. ശത്രുക്കൾ പാഞ്ഞടുത്തപ്പോൾ ഒറ്റക്കെട്ടായി അണിനിരന്ന് രാജ്യരക്ഷാ പ്രവർത്തനങ്ങളിലേർപ്പെടുന്നതിനു പകരം, ആ അവസരം പ്രവാചകനെ ആക്ഷേപിക്കാനും പരിഹസിക്കാനും ഉപയോഗിക്കുകയാണവർ ചെയ്തത്. കപടവിശ്വാസികൾ പറഞ്ഞു: 'ഇയാൾ നമുക്കു നൽകിയ വാഗ്ദാനങ്ങളൊക്കെയും വെറും തട്ടിപ്പായിരുന്നു.' ഇസ്‌ലാം വിജയിക്കുമെന്നും പേർഷ്യൻ കൊട്ടാരങ്ങളും ഖജനാവുകളുമെല്ലാം ഇസ്‌ലാമിന്റെ അധീനതയിലാകുന്ന ഒരു കാലം വരുമെന്നുമുള്ള പ്രവാചക പ്രവചനങ്ങളാണവരുദ്ദേശിച്ചത്. അവർ പരിഹസിച്ചു: 'ഇയാൾ സിറിയയും പേർഷ്യയുമൊക്കെ നമ്മുടെ കാൽക്കീഴിൽ വരുമെന്ന് പറഞ്ഞിട്ടിപ്പോൾ നമുക്ക് വെളിക്കിരിക്കാൻ പോലും പുറത്തിറങ്ങാനാവാത്ത അവസ്ഥയാണുണ്ടായിരിക്കുന്നത്!' മുസ്‌ലിംകളുടെ ആത്മവിശ്വാസവും സമരവീര്യവും ചോർത്തിക്കളയുകയായിരുന്നു അവരുടെ ലക്ഷ്യം. അവരെ അനുകരിച്ച് ദുർബല വിശ്വാസികളും പറഞ്ഞുതുടങ്ങി; 'അല്ലാഹുവും റസൂലുമൊക്കെ സത്യമായിരിക്കാം. പക്ഷേ അവർ നമുക്ക് നൽകിയ വിജയ വാഗ്ദാനങ്ങളൊക്കെ വ്യാമോഹങ്ങൾ മാത്രമായിരുന്നു.' ആസന്നമായ പരാജയത്തിൽനിന്ന് മുസ്‌ലിംകൾ ഒരിക്കലും രക്ഷപ്പെടാൻ പോകുന്നില്ലെന്നാണ് അവർ കരുതിയത്. ●

---

وَإِذْ قَالَت طَّائِفَةٌ مِّنْهُمْ يَا أَهْلَ يَثْرِبَ لَا مُقَامَ لَكُمْ فَارْجِعُوا ۚ وَيَسْتَأْذِنُ فَرِيقٌ مِّنْهُمُ النَّبِيَّ يَقُولُونَ إِنَّ بُيُوتَنَا عَوْرَةٌ وَمَا هِيَ بِعَوْرَةٍ ۖ إِن يُرِيدُونَ إِلَّا فِرَارًا ﴿١٣﴾

13. അവരിൽ ഒരു വിഭാഗം, അല്ലയോ യസ്‌രിബുകാരേ, നിങ്ങൾക്കിവിടെ നിലനിൽപില്ല; മടങ്ങിക്കോളിൻ എന്നു ഘോഷിച്ചുകൊണ്ടിരുന്ന സന്ദർഭവും. ഒരു വിഭാഗം ഞങ്ങളുടെ വീടുകൾ അരക്ഷിതമാകുന്നു എന്നുപറഞ്ഞുകൊണ്ട് യുദ്ധമുഖത്തുനിന്ന് മാറിനിൽക്കാൻ പ്രവാചകനോട് അനുമതി തേടിക്കൊണ്ടിരുന്നതും ഓർക്കുക. ആ വീടുകളാവട്ടെ, അരക്ഷിതാവസ്ഥയിലൊന്നുമല്ല. പടയണിയിൽനിന്ന് ഓടിയൊളിക്കുക മാത്രമാണ് അവരുദ്ദേശിക്കുന്നത്.

**13**

وَإِذْ قَالَت طَّائِفَةٌ مِّنْهُمْ = അവരിൽ ഒരു വിഭാഗം പറഞ്ഞതും (ഘോഷിച്ചുകൊണ്ടിരുന്ന സന്ദർഭവും ഓർക്കുക)

يَا أَهْلَ يَثْرِبَ = അല്ലയോ യസ്‌രിബുകാരേ لَا مُقَامَ لَكُمْ = (ഇവിടെ) നിങ്ങൾക്ക് താമസസ്ഥലം (നിലനിൽപ്) ഇല്ല

فَارْجِعُوا = നിങ്ങൾ മടങ്ങിക്കോളിൻ وَيَسْتَأْذِنُ فَرِيقٌ مِّنْهُمُ النَّبِيَّ = അവരിൽ ഒരു വിഭാഗം പ്രവാചകനോട് അനുമതി തേടിക്കൊണ്ടിരുന്നതും

يَقُولُونَ = അവർ പറ(ഞ്ഞുകൊണ്ട്)യുന്നു إِنَّ بُيُوتَنَا = തീർച്ചയായും ഞങ്ങളുടെ വീടുകൾ

عَوْرَةٌ = ദുർബലം (അരക്ഷിതം) ആകുന്നു وَمَا هِيَ بِعَوْرَةٍ = അവ (ആ വീടുകൾ ആവട്ടെ) അരക്ഷിതം (ഒന്നും) അല്ല

إِن يُرِيدُونَ = അവർ ഉദ്ദേശിക്കുന്നത് (ക്കുന്നില്ല)

إِلَّا فِرَارًا = (പടയണിയിൽനിന്ന്) ഓട്ടമല്ലാതെ (ഓടിയൊളിക്കുക മാത്രമാകുന്നു)

അവരിൽ ഒരു വിഭാഗം എന്നു പറഞ്ഞത് നടേ സൂചിപ്പിച്ച രണ്ടു തരം മുനാഫിഖുകളിൽ പക്കാ മുനാഫിഖുകളായവരെ ഉദ്ദേശിച്ചാവാം. മദീനയുടെ പരിസരങ്ങളിൽ വസിച്ചിരുന്ന ബദവികളിലെ (أعراب) കപടന്മാരെക്കുറിച്ചുമാകാം. അവരിൽ നല്ലൊരു വിഭാഗം ഇസ്‌ലാമിന്റെ വളർച്ചകണ്ട് അതിനോടെതിരിടാൻ തങ്ങൾക്കാവില്ലെന്നും തങ്ങളുടെ

താൽപര്യങ്ങൾ സംരക്ഷിക്കാൻ നല്ലത് ഇസ്‌ലാമിനോട് ചേർന്നുനിൽക്കുന്നതാണെന്നും മനസ്സിലാക്കി മുസ്‌ലിംകളായവരാണ്. ഇസ്‌ലാമിന്റെ ആദർശങ്ങളോടൊന്നും അവർക്ക് താൽപര്യമുണ്ടായിരുന്നില്ല. എന്നല്ല, പൂർവ മതത്തോട് കൂറു പുലർത്തുന്നവരും ആരെങ്കിലും വന്ന് ഇസ്‌ലാമിനെ നിർമാർജനം ചെയ്തെങ്കിൽ എന്നാഗ്രഹിക്കുന്നവരുമായിരുന്നു. 9:97-ൽ الْأَعْرَابُ أَشَدُّ كُفْرًا وَنِفَاقًا (ഈ ബദവി അറബികൾ കൊടിയ ധർമവിരോധികളും കപടന്മാരുമാകുന്നു) എന്നു പറയുന്നുണ്ട്. വിശ്വാസികളെന്നവകാശപ്പെട്ടുവരുന്ന ബദവികളോട് قُل لَّمْ تُؤْمِنُوا وَلَٰكِن قُولُوا أَسْلَمْنَا (നിങ്ങൾ വിശ്വസിച്ചിട്ടില്ല, പ്രത്യുത ഞങ്ങൾ മുസ്‌ലിംകളായിരിക്കുന്നു എന്ന് പറഞ്ഞുകൊള്ളുക) എന്നും പ്രസ്താവിക്കുന്നുണ്ട്. يَا أَهْلَ يَثْرِبَ (യസ്‌രിബുകാരേ) എന്ന സംബോധന, സംബോധകർ യസ്‌രിബുകാരല്ല എന്ന് സൂചിപ്പിക്കുന്നതായും ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. മദീനക്കകത്തെ കപടവിശ്വാസികളിലും ഇപ്രകാരം ആഹ്വാനം ചെയ്ത ഒരു വിഭാഗമുണ്ടാവാം എന്നതിനെ ഇത് നിഷേധിക്കുന്നില്ല.

يَثْرِبَ മദീനയുടെ പൗരാണിക നാമമാകുന്നു. അബൂ ഉബൈദ പറയുന്നു: യസ്‌രിബ് ഒരു പ്രദേശത്തിന്റെ പേരാണ്. യസ്‌രിബ് പ്രദേശത്തിന്റെ ഒരു ഭാഗമാണ് മദീന. അമാലികികളാണ് അതിന് യസ്‌രിബ് എന്ന് നാമകരണം ചെയ്തത്. നൂഹ് നബിയുടെ പുത്രൻ സാമിന്റെ പുത്രൻ ലാസിമിന്റെ അഞ്ചാം തലമുറയിലെ പൗത്രൻ ഖാനിയതിന്റെ പുത്രനായിരുന്നു യസ്‌രിബ്. നബി(സ) ആ നാമം മാറ്റി ത്വാബഃ എന്നാക്കി. ഇതിന് ത്വൈബഃ എന്നും പാഠമുണ്ട്. രണ്ടിന്റെയും അർഥം വിശുദ്ധം എന്നാണ്. പിന്നീട് അത് മദീനത്തുന്നബി എന്നും അൽ മദീന എന്നും ആയി. നഗരമാണ് മദീന. مَقَام എന്ന മൂലപദത്തിന് مُقَام എന്നും പാഠമുണ്ട്. നിൽക്കുന്ന ഇടമാണ് രണ്ടും. എങ്കിലും സൂക്ഷ്മാർഥത്തിൽ مَقَام നിൽക്കുന്ന ഇടവും مُقَام താമസസ്ഥലവുമാണെന്ന് ഭാഷാഭിജ്ഞർ പറയുന്നു. രണ്ടർഥത്തിലും ഈ വാക്യം വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. സഖ്യസേനകൾ വന്നപ്പോൾ നബി മദീനക്കടുത്തുള്ള സൽഅ് മലയുടെ മുകളിൽ മൂവായിരത്തോളം അസ്ത്രവിദഗ്ധരെ വിന്യസിച്ചിട്ടുണ്ടായിരുന്നു. മദീനയിലെയും പരിസര ഗ്രാമങ്ങളിലെയും കപടവിശ്വാസികൾ അവരോട് പറയുകയാണ്: 'നിങ്ങൾ ഈ കുന്നിൻമുകളിൽ അമ്പും വില്ലുമെടുത്ത് നിന്നതുകൊണ്ടൊന്നും ഒരു കാര്യവുമില്ല. സഖ്യസൈന്യം കൊടുങ്കാറ്റുപോലെ ഇരമ്പിവരികയാണ്. നിങ്ങൾ കുറച്ചാളുകളുടെ അമ്പും വില്ലുമൊന്നും അവരുടെ മുമ്പിൽ ഒന്നുമല്ല. നിങ്ങൾക്ക് ഒട്ടും പിടിച്ചുനിൽക്കാൻ കഴിയില്ല. ജീവൻ വേണമെങ്കിൽ വേഗം ഇറങ്ങിപ്പോന്ന് വീടുകളിൽ ചെന്ന് ഒളിച്ചുകൊള്ളുവിൻ.' ഇതാണ് ഒരു വ്യാഖ്യാനം. കൂടുതൽ പ്രബലമായ രണ്ടാമത്തെ വ്യാഖ്യാനം ഇങ്ങനെ: പ്രവാചകന്റെ പ്രവചനങ്ങളെ പരിഹസിക്കുകയും ഇസ്‌ലാമിന്റെ ശത്രുക്കൾ മദീനയെ കീഴടക്കട്ടെ എന്ന് മനസ്സാ ആഗ്രഹിക്കുകയും ചെയ്യുന്ന കപടവിശ്വാസികൾ മദീനയിലെ വിശ്വാസികളോട് പറയുകയാണ്: യസ്‌രിബുകാരേ, ഈ പുത്തൻമതത്തിന് ഇവിടെ നിലനിൽപില്ലാതായിരിക്കുന്നു. മുഹമ്മദിനെയും അയാളോടൊപ്പം വന്ന പ്രവാസികളെയും പുറത്താക്കി വേഗം പൂർവമതത്തിലേക്ക് മടങ്ങിക്കൊള്ളുവിൻ. അതു മാത്രമാണ് രക്ഷാമാർഗം. മദീനത്തുന്നബിയെ 'യസ്‌രിബ്' എന്ന പഴയ നാമത്തിൽ പരാമർശിച്ചത്, പഴയ യസ്‌രിബും അതിന്റെ പാരമ്പര്യവും തിരിച്ചുവരാൻ പോകുന്നുവെന്നും തങ്ങൾ സംബോധന ചെയ്യുന്നത് യസ്‌രിബിലെ പൂർവനിവാസികളെയാണ്, വരത്തന്മാരെയല്ല എന്നും സൂചിപ്പിക്കുന്നതായി ചിലർ നിരീക്ഷിച്ചിരിക്കുന്നു. വിശ്വാസികളെ വിരട്ടുകയും സമരവീര്യവും നിശ്ചയദാർഢ്യവും ശിഥിലമാക്കാൻ ശ്രമിക്കുകയുമായിരുന്നു കപടന്മാർ. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ആട്ടിയോടിച്ച് പൂർവമതത്തിലേക്ക് മടങ്ങുവിൻ എന്നാണവരുദ്ദേശിച്ചിരുന്നത്. അത് പച്ചയായി പറയാനുള്ള ധൈര്യവും സത്യസന്ധതയും അവർക്കുണ്ടായിരുന്നില്ല. അതിനാൽ വ്യംഗ്യഭാഷയെ അവലംബിച്ചതാണ്.

കപടവിശ്വാസികളിലും ദുർബല വിശ്വാസികളിലുംപെട്ട ചിലർ സമരമുഖത്തുനിന്ന് മാറി വീട്ടിൽ പോയി പാർക്കാൻ പ്രവാചകനോട് അനുമതി ചോദിച്ചുകൊണ്ടിരുന്നു. തങ്ങളുടെ വീടുകൾ അപകട മേഖലയിലാണ്. അവയ്ക്കാണെങ്കിൽ അടച്ചുറപ്പുമില്ല. ഞങ്ങളവിടെ ഇല്ലെങ്കിൽ കള്ളന്മാർ കയറി വീട്ടിലുള്ളതെല്ലാം മോഷ്ടിച്ചേക്കും. ശത്രുഭടന്മാർ കയറി സ്ത്രീകളെയും കുട്ടികളെയും ദ്രോഹിക്കാനും ഇടയുണ്ട്. നമ്മൾ സഹായികളെന്ന് കരുതിയ യഹൂദർ കൂറുമാറി ശത്രുപക്ഷം ചേർന്നിരിക്കുകയാണല്ലോ. അതിനാൽ ഞങ്ങൾക്ക് വിടുതൽ നൽകണം. عَوْرَة -യുടെ ഭാഷാർഥം ന്യൂനത, ബലഹീനത എന്നും നഗ്നത, ജനനേന്ദ്രിയങ്ങൾ എന്നുമാണ്. ഒരു കാര്യം عورة -ൽ ആകുന്നു എന്നു പറയുക അത് അപകട മേഖലയിലാണെന്നോ തീരെ ബലഹീനമായ അവസ്ഥയിലാണെന്നോ കുറിക്കാനാണ്. വാസ്തവത്തിൽ ഇങ്ങനെ വിടുതൽ തേടിയവരുടെ വീടുകൾക്ക് പ്രത്യേകമായ ദൗർബല്യമോ അപകടാവസ്ഥയോ ഉണ്ടായിരുന്നില്ല. അവയുടെ സുരക്ഷിതത്വത്തിനു വേണ്ട ഏർപ്പാടുകൾ നബി(സ) തന്നെ ചെയ്തിരുന്നു. ഇങ്ങനെ വിടുതൽ തേടിയവരുടെ യഥാർഥ ഉദ്ദേശ്യം യുദ്ധമുഖത്തുനിന്ന് ഓടിയൊളിച്ച് തടി രക്ഷപ്പെടുത്തലായിരുന്നു. ഈ യുദ്ധത്തിൽ മുസ്‌ലിംകൾ ജയിക്കാൻ പോകുന്നില്ല. ഒരുവേള ജയിച്ചാൽ തന്നെ, തങ്ങൾക്ക് അപകടമുണ്ടാവില്ല എന്നും ഉറപ്പില്ല. ആ നിലക്ക് എങ്ങനെയും സൈനികപ്രവർത്തനങ്ങളിൽനിന്നു മാറിനിൽക്കുകയാണ് കരണീയം. ശത്രുക്കൾ ജയിച്ചാൽ തങ്ങൾ മുഹമ്മദിനെതിരായിരുന്നുവെന്നും യുദ്ധത്തിൽ പങ്കെടുത്തിട്ടില്ലെന്നും പറഞ്ഞ് പ്രത്യേക ആനുകൂല്യങ്ങൾ നേടുകയും ചെയ്യാം. ●

---

وَلَوْ دُخِلَتْ عَلَيْهِم مِّنْ أَقْطَارِهَا ثُمَّ سُئِلُوا الْفِتْنَةَ لَآتَوْهَا وَمَا تَلَبَّثُوا بِهَا إِلَّا يَسِيرًا ﴿١٤﴾

14. മദീനയുടെ നാനാഭാഗത്തുനിന്നും അവരുടെ മേൽ സൈനികാധിനിവേശമുണ്ടാവുകയും എന്നിട്ട് സ്വജനത്തിൽ കുഴപ്പമുണ്ടാക്കാൻ അവരോടാവശ്യപ്പെടുകയും ചെയ്താൽ ഒട്ടും അമാന്തിക്കാതെ അവരത് ചെയ്തതുതന്നെ.

**14**

وَلَوْ دُخِلَتْ عَلَيْهِم = അവരുടെ മേൽ പ്രവേശിക്കപ്പെട്ടാൽ (സൈനികാധിനിവേശം ഉണ്ടാവുകയും)
مِّنْ أَقْطَارِهَا = അതിന്റെ ഭാഗങ്ങളിൽനിന്ന് (മദീനയുടെ നാനാഭാഗത്തുനിന്നും)
ثُمَّ سُئِلُوا = പിന്നെ (എന്നിട്ട്) അവർ ചോദിക്കപ്പെട്ടാൽ (അവരോടാവശ്യപ്പെടുകയും ചെയ്താൽ)
الْفِتْنَةَ = കുഴപ്പത്തെ (സ്വജനത്തിൽ കുഴപ്പമുണ്ടാക്കാൻ)
لَآتَوْهَا = തീർച്ചയായും അവർ അതിലേക്ക് ചെല്ലും (അവരത് ചെയ്തതുതന്നെ)
وَمَا تَلَبَّثُوا بِهَا إِلَّا يَسِيرًا = ലഘുവായിട്ടല്ലാതെ അവർ താമസിക്കുകയില്ല (ഒട്ടും അമാന്തിക്കാതെ)

മൂലത്തിലെ دُخِلَتْ എന്ന വാക്ക് دخول -ൽനിന്നുള്ള ക്രിയയായ دَخَل -യുടെ അകർമണി പ്രയോഗമാണ്. പ്രവേശനമാണ് دُخُول. സൈനിക നടപടിയുടെ ഭാഗമായി പറയുമ്പോൾ دُخُول അധിനിവേശവും കടന്നാക്രമണവുമാണ്. 27:34-ൽ إِنَّ الْمُلُوكَ إِذَا دَخَلُوا قَرْيَةً أَفْسَدُوهَا -തീർച്ചയായും രാജാക്കന്മാർ ഒരു നാട്ടിൽ കടന്നു കയറിയാൽ ആ നാടിനെ നശിപ്പിച്ചുകളയും- എന്നും 17:7-ൽ وَلِيَدْخُلُوا الْمَسْجِدَ كَمَا دَخَلُوهُ أَوَّلَ مَرَّةٍ -ആദ്യവട്ടം ബാബിലോണിയക്കാർ ബൈത്തുൽ മഖ്ദിസിലേക്ക് തള്ളിക്കയറിയ പോലെ അവരും തള്ളിക്കയറുന്നതിനും- എന്നും പ്രസ്താവിച്ചിട്ടുള്ളതിൽ دخل ഉപയോഗിച്ചിട്ടുള്ളത് ഈ അർഥത്തിലാണ്.

قطر -ന്റെ ബഹുവചനമാണ് اقطار. നാടിനും നാടിന്റെ വശങ്ങൾക്കും പ്രദേശത്തിനും قطر എന്നുപറയും. മദീനയുടെ നാനാവശങ്ങളിലൂടെ എന്നാണ് ഇവിടെ ഉദ്ദേശ്യം. പരീക്ഷണവും പ്രതിസന്ധിയും കലാപവും പീഡനവുമൊക്കെ فتنة -ആണ്. ഇവിടെ ഇതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത് വിഗ്രഹാരാധനയിലേക്ക് മടങ്ങലും യുദ്ധവേളയിൽ അഞ്ചാംപത്തികളായി പ്രവർത്തിച്ച് മുസ്‌ലിം പക്ഷത്ത് ക്ഷതമേൽപിക്കലും ഭിന്നിപ്പുണ്ടാക്കി ശക്തി ക്ഷയിപ്പിക്കലുമാകുന്നു.

വചനസാരം: തങ്ങളുടെ വീടും കുടുംബവും അരക്ഷിതാവസ്ഥയിലാണെന്നും അതുകൊണ്ട് യുദ്ധമുന്നണിയിൽനിന്ന് വിടുതൽ വേണമെന്നും ആവശ്യപ്പെടുന്നവരുടെ യഥാർഥ ലക്ഷ്യം മദീനയെ ശത്രുക്കൾക്ക് അടിയറ വെക്കുകയാണ്. ശത്രുസൈന്യം നാട്ടിലേക്കു കടന്നുകയറിയാൽ ഇവർ സന്തോഷിക്കും. ശത്രുക്കളുടെ ഇംഗിതമനുസരിച്ച് വിഗ്രഹ മതത്തിലേക്ക് മടങ്ങുകയും ചെയ്യും. അതിനു പുറമെ മുസ്‌ലിംകളിൽ കുഴപ്പങ്ങൾ കുത്തിപ്പൊക്കാനും ഭിന്നിപ്പുണ്ടാക്കാനും ദൗർബല്യങ്ങൾ ചൂഷണം ചെയ്യാനും ശത്രുക്കൾ ആവശ്യപ്പെട്ടാൽ ഒട്ടും അമാന്തിക്കാതെ അവരതിനു ചാടിപ്പുറപ്പെടും. ഈ ചതിപ്രവർത്തനത്തിനിറങ്ങാൻ വീടിന്റെയും വീട്ടുകാരുടെയും അരക്ഷിതാവസ്ഥ അവർക്ക് തീരെ പ്രശ്നമാവുകയില്ല. ഈ വചനത്തിൽ ثُمَّ ഉപയോഗിച്ചിരിക്കുന്നത് തുടർച്ചയെ സൂചിപ്പിക്കുന്നതിനുവേണ്ടിയാണ്. മദീന അധിനിവേശം ചെയ്യപ്പെടുകയും തുടർന്ന് അവരോട് ആവശ്യപ്പെടുകയും ചെയ്താൽ എന്നർഥം. ഈ പ്രയോഗത്തിൽ ശത്രുക്കളുടെ അധിനിവേശത്തേക്കാൾ ഗുരുതരമാണ് ശത്രുക്കൾക്കു വേണ്ടി ഈ കപടന്മാർ സ്വന്തം നാട്ടിനെതിരെ നടത്തുന്ന വിധ്വംസക പ്രവർത്തനങ്ങൾ എന്ന ധ്വനിയുണ്ട്. لَآتَوْهَا എന്നതിന്റെ ഭാഷാർഥം 'അവരവിടെ ചെന്നതുതന്നെ' എന്നാണ്. വീടുകൾ കാക്കാനെന്ന പേരിൽ മുന്നണിയിൽനിന്ന് വിടുതൽ തേടുന്ന ഇക്കൂട്ടർ സ്വസമുദായത്തിന് ആപത്തണക്കണമെന്ന് ശത്രുക്കൾ ആവശ്യപ്പെട്ടാൽ അതിനു സാധ്യതയുള്ള സ്ഥലങ്ങളിലെല്ലാം താമസംവിനാ ഓടിയെത്തും എന്ന് താൽപര്യം. ഇത്തരം കപടന്മാരെക്കുറിച്ച് 4:91-ൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്: سَتَجِدُونَ آخَرِينَ يُرِيدُونَ أَن يَأْمَنُوكُمْ وَيَأْمَنُوا قَوْمَهُمْ كُلَّ مَا رُدُّوا إِلَى الْفِتْنَةِ أُرْكِسُوا فِيهَا

(മറ്റൊരു വിഭാഗം കപടന്മാരെ ഇങ്ങനെയും കാണാം. അവർ നിങ്ങളോടും സ്വജനത്തോടും സമാധാനത്തിൽ കഴിയാനാഗ്രഹിക്കുന്നു. പക്ഷേ, കുഴപ്പത്തിന് അവസരം കിട്ടുമ്പോഴൊക്കെ അവരതിൽ ചെന്നു വീഴുകയും ചെയ്യുന്നു).

تَلَبَّثَ (താമസിച്ചു, തങ്ങി, അമാന്തിച്ചു)-യുടെ ബഹുവചനമാണ് تَلَبَّثُوا. 'ലഘുവായിട്ടല്ലാതെ അതിനവർ താമസിച്ചില്ല' എന്നാണ് وَمَا تَلَبَّثُوا بِهَا إِلَّا يَسِيرًا -യുടെ ഭാഷാർഥം. താമസംവിനാ, ഒട്ടും അമാന്തിക്കാതെ, നിസ്സങ്കോചം തുടങ്ങിയ അർഥങ്ങളിലുള്ള പ്രയോഗമാണിത്. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും വഞ്ചിച്ച് ശത്രുക്കൾക്ക് ഒറ്റുകൊടുത്താൽ ഏറെക്കാലം മദീനയിൽ സുഖമായി വസിക്കാമെന്ന് അവർ മോഹിക്കുന്നുണ്ട്; അതൊരു വ്യാമോഹം മാത്രമാകുന്നു. ശത്രുക്കൾ ജയിച്ചാലും ശരി, തോറ്റാലും ശരി ഈ കപടന്മാർ അവിടെനിന്ന് നിഷ്കാസിതരാവാൻ പോവുകയാണ്. وَمَا تَلَبَّثُوا بِهَا إِلَّا يَسِيرًا എന്ന വാക്യത്തെ ചില മുഫസ്സിറുകൾ ഇങ്ങനെയും വ്യാഖ്യാനിച്ചിട്ടുണ്ട്. ●